(ബി) തലശ്ശേരി തിരുവങ്ങാട്-ചമ്പാട് റോഡിൽ മാക്കുനി-മീത്തലെ ചമ്പാട് റോഡിന്റെ പ്രവൃത്തിക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മാക്കുനി-മീത്തലെ ചമ്പാട് റോഡ് സർവ്വേ നടപടികളും ആരംഭിക്കാത്തതുകൊണ്ട് പ്രവൃത്തി തുടങ്ങിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) സർവ്വേ നടപടി പൂർത്തീകരിച്ച് എന്ന് പ്രവൃത്തി തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ റോഡ് വിഭാഗത്തിൽ ഈ സാമ്പത്തിക വർഷം (2005-06) ഭരണാനുമതി നൽകേണ്ട പണികളും ഏതൊക്കെയാണെന്ന് പരിശോധിച്ച് വരുന്നു.

ദേശീയപാതാ വിഭാഗത്തിൽ താഴെപ്പറയുന്ന പ്രവൃത്തികളും (ഉപരിതലം പുതുക്കൽ) ഈ വർഷം നടത്തുന്നതാണ്:

1. കി. മീ. 145/00 (വേളാപുരം) മുതൽ 157/00 (കണ്ണൂർ ചേംബർ ഹാൾ) വരെ.
2. കി. മീ. 104/00 (കാലിക്കടവ്) മുതൽ 110/00 (വെള്ളൂർ) വരെ.
3. കി. മീ. 167/400 മുതൽ 168/000 വരെ (എടക്കാട്)
4. കി. മീ. 167/500 മുതൽ 168/000 വരെ (എടക്കാട് മുതൽ പഴയ റോഡ്)
5. കി. മീ. 169/150 മുതൽ 170/700 വരെ (മുഴുപ്പിലങ്ങാട്-പഴയ റോഡ്)

(ബി) 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) റോഡ് പണിക്കാവശ്യമായ സ്ഥലത്തിന്റെ സർവ്വേ മാപ്പ് തയ്യാറാക്കുന്നതിന് വേണ്ട നിർദ്ദേശം തലശ്ശേരി ലാൻഡ് അക്വിസിഷൻ തഹസിൽദാർക്ക് നൽകണമെന്ന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർവ്വേ മാപ്പ് ലഭിച്ചതിനുശേഷം മാത്രമേ സ്ഥലം ഏറെടുക്കുന്നതിനുള്ള ശുപാർശകളും തയ്യാറാക്കാൻ കഴിയുകയുള്ളൂ.

മണക്കാട് ജി. യു. പി. സ്കൂളിന് പുറമ്പോക്ക് ഭൂമി പതിച്ചു കൊടുക്കുന്നത് സംബന്ധിച്ച്

35 [2335] ശ്രീ. യു. സി. രാമൻ: താഴെക്കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നുമംഗലം മണ്ഡലത്തിലെ മാവൂർ പഞ്ചായത്തിലെ മണക്കാട് ഗവ. യു. പി. സ്കൂളിനോട് ചേർന്ന് കിടക്കുന്നതും പി. ഡബ്ല്യു. ഡി.-യുടെ കൈവശത്തിലുള്ളതുമായ 24 സെന്റ് സ്ഥലം (സർവ്വെ 13/2A) പ്രസ്തുത സ്കൂളിന് അനുവദിച്ച് നൽകണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്കൂളിൽ സ്ഥലപരിമിതിമൂലം കുട്ടികൾക്ക് കളിക്കാനുള്ള ഗ്രൗണ്ടും മറ്റ് സൗകര്യങ്ങളും നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂൾ ഗ്രൗണ്ട് നിർമ്മിക്കുന്നതിന് പി. ഡബ്ല്യു. ഡി.-യുടെ കൈവശമുള്ള പ്രസ്തുത ഭൂമി വിട്ടുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം വിദ്യാഭ്യാസ വകുപ്പിൽ നിന്നു ശേഖരിച്ച് നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പരാതി പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിലെ ഓരിക്കടവ് പാലം നിർമ്മാണം

36 [2336] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഓരിക്കടവ് പാലം നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) സമയബന്ധിതമായി നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 31-12-2006-നകം പണി തീർക്കണമെന്നതാണ് കരാർ.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

സ്റ്റേറ്റ് ഹൈവേ 34

37 [2337] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽനിന്നും ആരംഭിച്ച് എടവണ്ണ വരെ പോകുന്ന സ്റ്റേറ്റ് ഹൈവേ 34 മണ്ണാർക്കാട് വരെ നീട്ടുകയും പേര് മാറ്റുകയും ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്കിനുള്ള ഒരു പരിഹാര നടപടി എന്ന നിലയിൽ ഈ നിർദ്ദേശം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) നിർദ്ദേശം ലഭിച്ചാൽ പരിഗണിക്കാവുന്നതാണ്,

LIBRARY ARCHIVES Kerala Legislative Assembly